**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3394 — 18/02/2013-ൽ മറുപടിയ്ക്ക്

## നാളികേര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നാളികേര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ നാളികേര മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;<br><br>സി) നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ? | ബി) & സി) നാളികേരത്തിന്റെ വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം, നാഫെഡിലെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന നടപ്പിലാക്കി വരുന്നു. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന വിധത്തിൽ കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള പദ്ധതി കേരഫെഡ് മുഖേന നടപ്പിലാക്കി വരുന്നു. പച്ചത്തേങ്ങ സംഭരണം കിലോയ്ക്ക് 14 രൂപ നിരക്കിലാണ് ആരംഭിച്ചതെങ്കിലും ഇപ്പോൾ വില ഉയർത്തി കിലോയ്ക്ക് 16 രൂപയാക്കിയിട്ടുണ്ട്.<br>നാളികേര സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും ആധുനീകരണത്തിനും കരിക്കിൻ വെള്ള സംസ്ക്കരണം, ഷെൽ പൗഡർ, ചിരട്ടക്കരി, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് 25% സബ്സിഡിയോടുകൂടി പരമാവധി |

50 ലക്ഷം നൽകുന്ന ടെക്നോളജി മിഷൻ എന്ന പദ്ധതി നാളികേര വികസന ബോർഡു മുഖേന നടപ്പിലാക്കി വരുന്നു.

നാളികേര ഉൽപന്ന വൈവിദ്ധ്യവൽക്കരണവും മൂല്യ വർദ്ധനവും ലക്ഷ്യമാക്കികൊണ്ട് സംസ്ഥാനത്ത് 3 കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൊപ്രയിലും വെളിച്ചെണ്ണയിലുമായി നാളികേര സംസ്കരണം, കേന്ദ്രീകരിക്കാതെ ദേശീയ പാനീയമായി പ്രഖ്യാപിച്ചു കഴിഞ്ഞ ഇളനീരും മറ്റു ഉല്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധന ഉൽപന്നങ്ങളായ ഡസ്സിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് ക്രീം, കോക്കനട്ട് ചിപ്പ്സ്, ഡ്രൈഡ് മിൽക്ക് പൗഡർ, വെർജിൻ വെളിച്ചെണ്ണ, പാക്ക് ചെയ്ത ഇളനീർ, നാളികേര വിനാഗിരി, ചിരട്ടപ്പൊടി, ഷെൽ ചാർക്കോൾ, ആക്റ്റിവേറ്റഡ് കാർബൺ തുടങ്ങിയവയുടെ ഉൽപാദനത്തിനുള്ള പ്രവർത്തനങ്ങൾ കോക്കനട്ട് ബയോപാർക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

Snehama

**സെക്ഷൻ ഓഫീസർ**